(1)	(2)	(3)
6	ശ്രീ. പി. ഗോവിന്ദപിള്ള	1998 ഏപ്രിൽ - 2001 മേയ്
7	ശ്രീ. റ്റി. ബാലകൃഷ്ണൻ ഐ.എ.എസ്.	2001 ജൂൺ - 2001 ഒക്ടോബർ
8	ഡോ. അച്യുത്ശങ്കർ എസ്. നായർ	2001 നവംബർ - 2004 ഒക്ടോബർ
9	ശ്രീ. ജിജി തോംസൺ ഐ.എ.എസ്.	2004 നവംബർ - 2006 മാർച്ച്
10	ശ്രീ. ആനന്ദ് സിംഗ് ഐ.എ.എസ്.	2006 ഏപ്രിൽ - 2006 ജൂലായ്
11	ശ്രീ. കെ. സുരേഷ്കുമാർ ഐ.എ.എസ്.	2006 ജൂലായ് - 2009 ജനുവരി
12	ശ്രീമതി ഷീലാ തോമസ് ഐ.എ.എസ്.	2009 ജനുവരി - 2010 ഫെബ്രുവരി
13	ഡോ. രത്തൻ യു. കേൽക്കർ ഐ.എ.എസ്.	2010 ഫെബ്രുവരി മുതൽ തുടരുന്നു

രജിസ്ട്രാർമാരുടെ പേരുവിവരം

1	ശ്രീ. പി. വി. ഉണ്ണികൃഷ്ണൻ	1988 ഡിസംബർ - 1991 ഒക്ടോബർ
2	ശ്രീ. എൻ. കണ്ണൻ	1991 ഒക്ടോബർ - 1993 ഏപ്രിൽ
3	ശ്രീ. റ്റി. ആർ. ലാലൻ	1993 ഏപ്രിൽ - 1996 ആഗസ്റ്റ്
4	ശ്രീ. പി. വി. ഉണ്ണികൃഷ്ണൻ	1996 ആഗസ്റ്റ് - 1999 നവംബർ
5	ശ്രീ. ജി. ജയരാജ്	1999 നവംബർ - 2001 ഒക്ടോബർ
6	ശ്രീ. കെ. അശോക് കുമാർ	2001 ഒക്ടോബർ - 2006 ഏപ്രിൽ
7	ശ്രീ. കെ. രാധാകൃഷ്ണൻ	2006 ഏപ്രിൽ - 2007 ഫെബ്രുവരി
8	ശ്രീ. കെ. റ്റി. ബാലഭാസ്ക്കരൻ	2007 ഫെബ്രുവരി - 2010 ജൂലായ്
9	ശ്രീ. പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്.	2010 ജൂലായ് മുതൽ തുടരുന്നു

2009-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിച്ച സമ്മതിദായകർ

40 (4386) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ആകെ എത്ര സമ്മതിദായകർ വോട്ടവകാശം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ; ഓരോ നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഇലക്ഷനിൽ ഓരോ മണ്ഡലങ്ങളിലും മത്സരിച്ച സ്ഥാനാർത്ഥികളാരൊക്കയാണെന്നും അവർക്ക് ഓരോരുത്തർക്കും ലഭിച്ച വോട്ടുകൾ എത്ര വീതമെന്നും ഉള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഇലക്ഷനുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) 2009-ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 16041499 പേർ വോട്ട് ചെയ്തു. ഓരോ നിയമസഭാ മണ്ഡലത്തിലും എത്ര സമ്മതിദായകർ വോട്ടവകാശം വിനിയോഗിച്ചു എന്നുള്ള കണക്ക് അനുബന്ധം-I ആയി വച്ചിട്ടുണ്ട്.*

(ബി) അനുബന്ധം II-ൽ വച്ചിട്ടുണ്ട്.*

(സി) 2009-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജികളുടെ വിവരം അനുബന്ധം III-ൽ വച്ചിരിക്കുന്നു*

സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകൾ

41 (4387) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിൽ സർക്കാരിന്റെ പക്കലുണ്ടെന്ന് പേരും മേൽവിലാസവും സഹിതം വ്യക്തമാക്കുമോ ;

(ബി) ഓരോ അപേക്ഷയും ലഭിച്ച തീയതിയും ആയതിൻമേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പുന്നപ്ര വയലാർ സമര സേനാനികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ സ്വാതന്ത്ര്യ സമര പെൻഷൻ

42 (4388) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര വയലാർ സമര സേനാനികൾക്ക് നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ സ്വാതന്ത്ര്യ സമര പെൻഷൻ ലഭ്യമാകുന്നുണ്ടോ ; എങ്കിൽ എത്ര പേർക്ക് ലഭിക്കുന്നു ;

(ബി) നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ പെൻഷൻ ലഭിക്കുന്ന പുന്നപ്ര വയലാർ സമര സേനാനികൾക്കോ അവരുടെ ആശ്രിതർക്കോ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly